**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 89** **07-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കായി തൊഴിൽ പരിശീലനവും നൈപുണ്യ വികസനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയും അതിലൂടെ അവർക്ക് സാമൂഹ്യ, സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ടുള്ള സർക്കാരിന്റെ നയപരിപാടികൾക്കനുസരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയും അതിലൂടെ അവർക്ക് സാമൂഹ്യ, സാമ്പത്തിക ഉന്നമനവും ഉറപ്പുവരുത്തുന്നതിനായി പ്രീ-പ്രൈമറി തലം മുതൽ വിദേശത്ത് പോയി ഉന്നത വിദ്യാഭ്യാസം നടത്തുന്നതുവരെയുള്ള വിവിധ പരിപാടികൾ വകുപ്പ് നടപ്പിലാക്കി വരുന്നു.ഇത് കൈവരിയ്ക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച നയപരിപാടികൾ ഏകോപിപ്പിക്കുന്നതിനും കൃത്യമായ അവലോകനങ്ങളിലൂടെ പദ്ധതി വിജയം കൈവരിക്കുന്നതിനും വകുപ്പിന് സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസം, അടിസ്ഥാന വികസനം എന്നീ മേഖലകളിൽ വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. പ്രീ-മെട്രിക്ക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി<br><br>2. ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി.<br><br>3.പ്രൈമറി എജ്യൂക്കേഷൻ എയ്ഡ്.<br><br>4.മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്റർ, കമ്മ്യൂണിറ്റി കോളേജ്, മെഡിക്കൽ കോളേജ്, ഐ.ടി.ഐ.<br><br>5.ഇതര സംസ്ഥാന പഠനം<br><br>6.അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി. |

| | | | |
|---|---|---|---|
| | | | 7.മത്സര പരീക്ഷകളിൽ വിജയിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.<br>8. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശന പരിശീലനത്തിനും, പ്രവേശനത്തിലെ പ്രാരംഭ ചെലവുകൾക്കും ധനസഹായം<br>9. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.<br>10. സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം.<br>11. ലാപ്ടോപ്പ് വിതരണം<br>12. പഠന മുറി പദ്ധതി<br>13. മെന്റർ ടീച്ചർ പദ്ധതി.<br>14. വിദ്യാവാഹിനി പദ്ധതി<br>15. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം<br>16.വിങ്ങ്സ്-വൈമാനിക പരിശീലന പരിപാടി<br>17.നൈപുണ്യ വികസന പരിശീലന പരിപാടികൾ<br>18. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം<br>19. പ്രത്യേക പ്രോൽസാഹന സമ്മാനം.<br>20. നൃത്ത സംഗീത വിദ്യാർത്ഥികൾക്ക് ആനുകൂല്യം<br>21. സ്റ്റാർട്ട് അപ്പ് ഡ്രീംസ്<br>22. ട്രേസ് (ട്രെയിനിങ് ഫോർ കരിയർ എക്സലൻസ്) പദ്ധതി. |
| (ബി) | ഈ ലക്ഷ്യത്തിലേക്കെത്തുന്നതിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയും അതിലൂടെ അവർക്ക് സാമൂഹ്യ, സാമ്പത്തിക ഉന്നമനവും ഉറപ്പുവരുത്തുന്നതിനായി പ്രീ-പ്രൈമറി തലം മുതൽ വിദേശത്ത് പോയി ഉന്നത വിദ്യാഭ്യാസം നടത്തുന്നതുവരെയുള്ള വിവിധ പരിപാടികൾ വകുപ്പ് നടപ്പിലാക്കി വരുന്നു.ഇത് കൈവരിയ്ക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച നയപരിപാടികൾ ഏകോപിപ്പിക്കുന്നതിനും കൃത്യമായ അവലോകനങ്ങളിലൂടെ പദ്ധതി വിജയം കൈവരിക്കുന്നതിനും വകുപ്പിന് സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസം, അടിസ്ഥാന വികസനം എന്നീ മേഖലകളിൽ വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | 1. പ്രീ-മെട്രിക്ക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി<br><br>2. ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി.<br><br>3.പ്രൈമറി എജ്യൂക്കേഷൻ എയ്ഡ്.<br><br>4.മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്റർ, കമ്മ്യൂണിറ്റി കോളേജ്, മെഡിക്കൽ കോളേജ്, ഐ.ടി.ഐ.<br><br>5.ഇതര സംസ്ഥാന പഠനം<br><br>6.അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി.<br><br>7.മത്സര പരീക്ഷകളിൽ വിജയിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.<br><br>8. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശന പരിശീലനത്തിനും, പ്രവേശനത്തിലെ പ്രാരംഭ ചെലവുകൾക്കും ധനസഹായം<br><br>9. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.<br><br>10. സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം.<br><br>11. ലാപ്ടോപ്പ് വിതരണം<br><br>12. പഠന മുറി പദ്ധതി<br><br>13. മെന്റർ ടീച്ചർ പദ്ധതി.<br><br>14. വിദ്യാവാഹിനി പദ്ധതി<br><br>15. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം<br><br>16.വിങ്ങ്സ്-വൈമാനിക പരിശീലന പരിപാടി<br><br>17.നൈപുണ്യ വികസന പരിശീലന പരിപാടികൾ<br><br>18. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം<br><br>19. പ്രത്യേക പ്രോൽസാഹന സമ്മാനം.<br><br>20. നൃത്ത സംഗീത വിദ്യാർത്ഥികൾക്ക് ആനുകൂല്യം<br><br>21. സ്റ്റാർട്ട് അപ്പ് ഡ്രീംസ്<br><br>22. ട്രേസ് (ട്രെയിനിങ് ഫോർ കരിയർ എക്സലൻസ്) പദ്ധതി. |

| | | | |
|---|---|---|---|
| (സി) | ഈ വിഭാഗങ്ങളിൽ നിന്നുള്ള അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനും അവസരം നൽകുന്നതിനും അതിലൂടെ തൊഴിൽ രംഗത്തെ മാറിയ സാഹചര്യത്തിനനുസരിച്ച് അവരെ പ്രാപ്തരാക്കുന്നതിനും നടത്തി വരുന്ന പരിപാടികൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതി യുവാക്കൾക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള വിവര സാങ്കേതികം, ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ, തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.<br><br>പ്രസ്തുത പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് അവരവരുടെ താൽപ്പര്യത്തിനനുസരിച്ചും ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാദ്ധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ നൽകുന്നതുവഴി പ്ലേസ്മെന്റ് മുഖേന സ്ഥിരശമ്പളത്തോടുകൂടി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ